ന്യൂഏജ്
newage
The First Regional Business Daily

Publication- NewAge
Page - 07
Date – 09.02.2022

# കേരളത്തിന്റെ കോവിഡ് പ്രതിരോധത്തിന് ഓസ്ട്രേലിയൻ സഹായമെത്തിച്ച് ഹാബിറ്റാറ്റ്




കൊച്ചി: കേരളത്തിന്റെ കോവിഡ് പ്രതിരോധത്തിന് ഓസ്ട്രേലിയയിൽ നിന്ന് മെഡിക്കൽ സാമഗ്രികൾ എത്തിച്ച് ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യ. 30 ഓക്സിജൻ കോൺസൻട്രേറ്റുകൾ, അഞ്ച് വെന്റിലേറ്ററുകൾ എന്നിവയാണ് കേരള മെഡിക്കൽ സർവീസ് കോർപറേഷന് കൈമാറിയത്. ഗവൺമെന്റ് ഓഫ് വെസ്റ്റേൺ ഓസ്ട്രേലിയയുമായി ചേർന്ന് ഹീലിംഗ് ഇന്റർനാഷണൽ ഇൻകോർപറേറ്റ്, വെസ്റ്റ് ഓസ്ട്രേലിയ മലയാളി അസോസിയേഷൻ, വേൾഡ് മലയാളി കൗൺസിൽ എന്നിവരുടെ സഹായത്തോടെ എത്തിച്ച മെഡിക്കൽ സാമഗ്രികൾ കൈമാറുന്ന ചടങ്ങിൽ ആരോഗ്യമന്ത്രി വീണാ ജോർജ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മോൻസ് ജോസഫ് എം എൽ എ തുടങ്ങിയവർ പങ്കെടുത്തു. സന്നദ്ധ സംഘടനയായ ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യ എം ഡി ഡോ. രാജൻ സാമുവൽ, വെസ്റ്റേൺ ഓസ്ട്രേലിയൻ ധനകാര്യമന്ത്രി ഡോ. ടോണി ബ്യൂട്ടി, ജനപ്രതിനിധിയായ യാസ് മുബാറക്കി, ഓസ്ട്രേലിയയിലെ വിവിധ സംഘടനകളുടെ പ്രതിനിധികളായ ഡോ. ജഗദീഷ് കൃഷ്ണൻ, കെവിൻ മൈക്കിൾ, ഡോ. സുമൻ ജെ. ജോർജ്ജ് തുടങ്ങിയവർ കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഓൺലൈനിൽ പിന്തുണ അറിയിച്ചു.

2020 മാർച്ച് മുതൽ, ഹാബിറ്റാറ്റ് ഇന്ത്യ 16,82,332 ആളുകൾക്ക് കോവിഡ് പ്രതിരോധത്തിനുള്ള ശുചിത്വ കിറ്റുകൾ, അവശ്യവസ്തു കിറ്റുകൾ, മെഡിക്കൽ മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ എത്തിച്ചിട്ടുണ്ട്.